# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE:26.06.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യക്ക് ചരിത്ര നിമിഷം സമ്മാനിച്ച് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായി ശുഭാംശു ശുക്ല. ആക്സിയം-4 നാലംഗ ദൗത്യസംഘം ബഹിരാകാശ നിലയത്തിൽ പ്രവേശിച്ചു

   Shubhanshu Shukla has created history by becoming the first Indian ever to set foot on the International Space Station ; The four-member Axiom-4 mission team has entered the space station

2. ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിലെ സംയുക്ത പ്രസ്താവന അംഗീകരിക്കാനാവില്ലെന്ന് വിദേശകാര്യ മന്ത്രാലയം

   The External Affairs Ministry has said that member countries participating in the Shanghai Cooperation Organisation Defence Ministers' meeting could not adopt a joint statement

3. അഹമ്മദാബാദ് ആകാശദുരന്തത്തിൽ തകർന്ന എയർ ഇന്ത്യ വിമാനത്തിന്റെ ബ്ലാക്ക് ബോക്സ് വിവരങ്ങൾ ശേഖരിച്ചതായി കേന്ദ്ര സർക്കാർ

The Air India Flight black box data has been downloaded to reconstruct the sequence of events leading to the crash in Ahmadabad recently

4. സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഇടുക്കി , മലപ്പുറം , വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രത, കോട്ടയം, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി

The weather warning states that there is a possibility of very heavy rain in the state. Red alert in Idukki, Malappuram and Wayanad districts, holiday for educational institutions in Kottayam, Ernakulam, Thrissur and Idukki districts tomorrow

5. 2024 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു, ജി ആർ ഇന്ദു ഗോപന്റെ ആനോ മികച്ച നോവൽ

The Kerala Sahitya Akademi Awards for 2024 have been announced, G R Indugopan won the award for best novel for his work "Aano"

&&&&&&&&&&&&&&&&&&

## AXIOM-DOCKED

അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെത്തുന്ന ആദ്യ ഇന്ത്യക്കാരനായി ചരിത്രം കുറിച്ച് ശുഭാംശു ശുക്ല. ശുഭാംശു

ശുക്ല അടക്കമുള്ള നാല് പേരെ വഹിച്ചുകൊണ്ടുള്ള ആക്സിയം 4 ദൗത്യ പേടകം ഇന്ത്യൻ സമയം വൈകിട്ട് നാല് മണിക്ക് ശേഷമാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഡോക്ക് ചെയ്തത്. പിന്നാലെ സഞ്ചാരികൾ നടപടിക്രമങ്ങൾ പൂർത്തിയാക്കി നിലയത്തിലേക്ക് പ്രവേശിച്ചു. രാകേഷ് ശർമയ്ക്ക് ശേഷം, നാല് പതിറ്റാണ്ടുകൾക്കിപ്പുറം ബഹിരാകാശത്തെത്തുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ് ശുഭാൻശു. ഇന്ത്യൻ വ്യോമസേനയിലെ ഗ്രൂപ്പ് ക്യാപ്റ്റനായ ശുഭാൻശു ശുക്ല, ആക്സിയം-4 ദൗത്യത്തിന്റെ മിഷൻ പൈലറ്റാണ്. 14 ദിവസത്തെ പര്യവേഷണത്തിനായാണ് ആക്സിയം 4 ദൗത്യ സംഘം ബഹിരാകാശ നിലയത്തിലെത്തിയത്.

&&&&&&&&&&&&&&&&&&

**AXIOM – JITENDRA SINGH (intro)**

അന്താരാഷ്ട്ര ബഹിരാകാശ സ്റ്റേഷനിലേക്കുള്ള പ്രയാണം പൂർത്തിയാക്കിയ ആകിസം 4 ദൗത്യ സംഘത്തെ അഭിനന്ദിച്ച് കേന്ദ്ര ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിങ്. 14 ദിവസത്തെ സംയുക്ത ബഹിരാകാശ ദൗത്യം ലോകം ഉറ്റുനോക്കുകയാണെന്നും ശ്രീ ജിതേന്ദ്ര സിങ് പറഞ്ഞു. ബഹിരാകാശ ദൗത്യങ്ങളിൽ ഇന്ത്യ നിർണായക സംഭാവനകളാണ് നല്കിയിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

&&&&&&&&&&&&&&&&&&

**AIR INDIA-DATA**

അഹമ്മദാബാദ് ആകാശദുരന്തത്തിൽ തകർന്ന എയർ ഇന്ത്യയുടെ AI-171 വിമാനത്തിന്റെ മുൻഭാഗത്തെ ബ്ലാക്ക് ബോക്സിൽ നിന്നുള്ള ഡേറ്റ ഡൗൺലോഡ് ചെയ്തതായി കേന്ദ്ര സർക്കാർ. ബ്ലാക്ക് ബോക്സിൽ നിന്ന് ക്രാഷ് പ്രൊട്ടക്ഷൻ മൊഡ്യൂൾ സുരക്ഷിതമായി വീണ്ടെടുത്തതായും, മെമ്മറി മൊഡ്യൂളിൽ നിന്നുള്ള ഡേറ്റ ഡൽഹിയിലെ എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ ലാബിൽ വിജയകരമായി ഡൗൺലോഡ് ചെയ്തതായും മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. വിമാനത്തെ അപകടത്തിലേക്ക് നയിച്ച സംഭവക്രമങ്ങൾ പുനർനിർമ്മിക്കുന്നതിനായി കോക്ക്പിറ്റ് വോയ്സ് റെക്കോർഡറുകളുടെയും ഫ്ലൈറ്റ് ഡാറ്റ റെക്കോർഡറുകളുടെയും ഡാറ്റ വിശകലനം ചെയ്തു വരികയാണെന്നും വ്യോമയാന മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

**MEA-BRIEFING (INTRO)**

ഷാങ്ഹായ് സഹകരണ സംഘടനയുടെ പ്രതിരോധ മന്ത്രിമാരുടെ യോഗത്തിൽ സംയുക്ത പ്രസ്താവന അംഗീകരിക്കാൻ അംഗരാജ്യങ്ങൾക്ക്

കഴിഞ്ഞില്ലെന്ന് വിദേശകാര്യ മന്ത്രാലയം. ചില വിഷയങ്ങളിൽ സമവായത്തിലെത്താൻ ആയില്ലെന്നും അതിനാൽ രേഖയ്ക്ക് അന്തിമരൂപം നൽകാൻ കഴിഞ്ഞില്ലെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. അതിർത്തി കടന്നുള്ള ഭീകരതയെക്കുറിച്ച് സംയുക്ത പ്രസ്താവനയിൽ പരാമർശിക്കണമെന്ന ഇന്ത്യയുടെ ആവശ്യം ഒരു രാജ്യം അംഗീകരിച്ചില്ലെന്നും അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ഷാങ്ഹായ് അംഗരാജ്യങ്ങളോട് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ആഹ്വാനം ചെയ്തതായും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

ഓപ്പറേഷൻ സിന്ധുവിൻറെ ഭാഗമായി 3,426 ഇന്ത്യക്കാരെ ഇറാനിൽ നിന്നും 818 ഇന്ത്യക്കാരെ ഇസ്രയേലിൽ നിന്നും നാട്ടിലെത്തിച്ചതായും ശ്രീ ജയ്സ്വാൾ അറിയിച്ചു.

&&&&&&&&&&&&&&&&&&

**VERMA – INTL DAY AGAINST DRUG ABUSE**

അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി രാജ്യത്തുടനീളം 14 കോടിയിലധികം ആളുകൾ കേന്ദ്ര സർക്കാരിന്റെ നശാ മുക്ത് ഭാരത് അഭിയാനിൽ പങ്കു ചേർന്നതായി കേന്ദ്ര സഹമന്ത്രി ബി എൽ വർമ്മ. 4

ലക്ഷത്തിലധികം വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാമ്പെയ്നിൽ പങ്കെടുത്തതായി അദ്ദേഹം പറഞ്ഞു. ലഹരിവിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് ന്യൂഡൽഹിയിൽ നടന്ന പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## C R PATIL – WATER CONNECTION

രാജ്യത്ത് 15 കോടിയിലേറെ വീടുകളിൽ പൈപ്പ് വെള്ള കണക്ഷൻ എത്തിക്കാൻ സാധിച്ചതായി ജൽശക്തി മന്ത്രി സി ആർ പാട്ടീൽ. ബാക്കിയുള്ള നാല് കോടി വീടുകൾക്ക് 2028 ഓടെ കണക്ഷൻ ലഭ്യമാക്കുമെന്നും അദ്ദേഹം പറഞ്ഞു. ജൽജീവൻ പദ്ധതിയിലൂടെ സർക്കാർ എല്ലാ വീടുകളിലും സുരക്ഷിതമായ ജലം ലഭ്യമാക്കുന്നതായി ന്യൂഡൽഹിയിൽ പത്രസമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## GADKARI TOLL TAX

ഇരുചക്ര വാഹനങ്ങൾക്ക് ടോൾ ഏർപ്പെടുത്തിയെന്ന മാധ്യമ വാർത്തകൾ തള്ളി കേന്ദ്ര ഗതാഗത മന്ത്രി നിതൻ ഗഡ്കരി. അത്തരം ഒരു തീരുമാനം ഇല്ലെന്നും ഇരുചക്ര വാഹനങ്ങളെ ടോൾ പിരിവിൽ നിന്ന് ഒഴിവാക്കാനുള്ള തീരുമാനം തുടരുമെന്നും അദ്ദേഹം സമൂഹമാധ്യമ പോസ്റ്റിൽ കുറിച്ചു.

&&&&&&&&&&&&&&&&&&

## HP– RIJIJU

അതിർത്തി പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദി സർക്കാരിൻറെ നേതൃത്വത്തിൽ 2014 മുതൽ സവിശേഷ ശ്രദ്ധയാണ് നൽകുന്നതെന്ന് കേന്ദ്ര പാർലമെൻററി, ന്യൂനപക്ഷ കാര്യ മന്ത്രി കിരൺ റിജിജു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഹിമാചൽ പ്രദേശിലെ ഷിംലയിൽ എത്തിയതായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&&&&&

## SHAH – HINDI LANGUAGE (INTRO)

ഹിന്ദി ഭാഷയെ മറ്റ് ഭാഷകളുടെ എതിരാളിയായി കണക്കാക്കേണ്ടതില്ലെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ന്യൂഡൽഹിയിൽ ഔദ്യോഗിക ഭാഷാ വകുപ്പിൻറെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ജെഇഇ, നീറ്റ്, സിയുഇടി പരീക്ഷകൾ 13 ഭാഷകളിലാണ് നടത്തുന്നതെന്നും 95 ശതമാനം ഉദ്യോഗാർത്ഥികളും കോൺസ്റ്റബിൾ പരീക്ഷ എഴുതുന്നത് മാതൃഭാഷയിലാണെന്നും ശ്രീ ഷാ വ്യക്തമാക്കി.

(ഹോൾഡ് വോയ്സ്.............)

&&&&&&&&&&&&&&&&&&

## MAN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി '**മൻ കീ ബാത്**' ഈ മാസം 29 ന് രാവിലെ 11ന് പ്രക്ഷേപണം ചെയ്യും. പരിപാടിയുടെ 123-ാാം പതിപ്പാണിത്. മൻ കീ ബാത്തിനെ കുറിച്ചുള്ള ജനങ്ങളുടെ അഭിപ്രായങ്ങളും ആശയങ്ങളും നരേന്ദ്ര മോദി ആപ്പിലൂടെയും **MyGov** ഓപ്പൺ ഫോറത്തിലൂടെയും നാളെ വരെ അറിയിക്കാവുന്നതാണ്.

&&&&&&&&&&&&&&&&&

## SAHITYA ACADAMY

2024 ലെ കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കെ വി രാമകൃഷ്ണനും, ഏഴാച്ചേരി രാമചന്ദ്രനുമാണ് അക്കാദമിയുടെ വിശിഷ്ടാംഗത്വം . ജി ആർ ഇന്ദുഗോപൻറെ ആനോ മികച്ച നോവലിനുള്ള പുരസ്കാരം നേടി. അനിതാ തമ്പിയുടെ മുരിങ്ങ വാഴ കറിവേപ്പിനാണ് കവിതാ വിഭാഗത്തിൽ പുരസ്കാരം. പി കെ എൻ പണിക്കർ, പയ്യന്നൂർ കുഞ്ഞിരാമൻ, എം എം നാരായണൻ, പി കെ ഗംഗാധരൻ, കെ ഇ എൻ, മല്ലികാ യൂനിസ് എന്നിവർക്ക് സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരം ലഭിച്ചു.

&&&&&&&&&&&&&&&&&

## IMD - WEATHER

അടുത്ത നാല് ദിവസങ്ങൾക്കുള്ളിൽ വടക്കൻ രാജസ്ഥാൻ, പഞ്ചാബ്, ഹരിയാന, ഡൽഹി എന്നിവിടങ്ങളിൽ പൂർണ്ണമായും കാലവർഷമെത്തുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മധ്യപ്രദേശ്, ഗുജറാത്ത്, കിഴക്കൻ രാജസ്ഥാൻ എന്നിവിടങ്ങളിൽ കാലവർഷം സജീവമാണ്.

&&&&&&&&&&&&&&&&&&

**RAIN–KERALA**

സംസ്ഥാനത്ത് അതിതീവ്രമഴയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. ഇടുക്കി , മലപ്പുറം , വയനാട് ജില്ലകളിൽ ചുവപ്പ് ജാഗ്രതയാണ്. ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്. കോട്ടയം, എറണാകുളം, തൃശൂർ, ഇടുക്കി ജില്ലകളിൽ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ അവധി പ്രഖ്യാപിച്ചു. മലയോര മേഖലകളിൽ കനത്ത ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്. നദികളിലെ ജലനിരപ്പ് കൂടുകയാണ്. അപകട സാധ്യത കണക്കിലെടുത്ത് നിരവധി പേരെ ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റിയിട്ടുണ്ട്. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**HIMACHAL– RAIN**

ഹിമാചൽപ്രദേശിൽ കനത്ത മഴയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ  മേഘവിസ്ഫോടനവും, വെള്ളപ്പൊക്കവും മണ്ണിടിച്ചിലും റിപ്പോർട്ട് ചെയ്തു. മഴക്കെടുതികളിൽ സംസ്ഥാനത്ത് അഞ്ച് മരണം റിപ്പോർട്ട് ചെയ്തു. കൻഗ്രയിൽ, വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോയ  തൊഴിലാളികളിൽ രണ്ട് പേരുടെ   മൃതദേഹങ്ങൾ കണ്ടെടുത്തു. ഉത്തരാഖണ്ഡിലെ രുദ്രപ്രയാഗിൽ ടെംപോ ട്രാവലർ അളകനന്ദ നദിയിലേക്ക് മറിഞ്ഞ് മൂന്ന് പേർ മരിച്ചു. ഒൻപത് പേരെ ഇനിയും കണ്ടെത്താനായിട്ടില്ല.

&&&&&&&&&&&&&&&&&

## PREZ – GANGA RAM CANCER

അർബുദ രോഗികൾക്ക് സമ്പൂർണ പരിരക്ഷ ഉറപ്പാക്കാൻ ലക്ഷ്യമിട്ട് ആരംഭിച്ച ശ്രീ ഗംഗാറാം ക്യാൻസർ സെന്റർ രാഷ്ട്രപതി ദ്രൗപദി മുർമ്മു ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്തു. സെന്ററിൽ തയ്യാറാക്കിയിരിക്കുന്ന സാങ്കേതിക സംവിധാനങ്ങൾ പരിശോധിച്ച രാഷ്ട്രപതി രോഗികളുമായി ആശയ വിനിമയം നടത്തി.

&&&&&&&&&&&&&&&&&

## AUSTRALIA SANCTION

വിവിധ റഷ്യൻ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കുമെതിരെ ഉപരോധമേർപ്പെടുത്തി ഓസ്ട്രേലിയ. ഉക്രെയ്നിലെ സൈനിക നടപടികളിൽ റഷ്യയുടെ മേൽ സമ്മർദ്ദം

വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായാണിത്. പ്രമുഖ വ്യവസായികളുൾപ്പെടെ 37 വ്യക്തികൾക്കും ഏഴ് സ്ഥാപനങ്ങൾക്കുമെതിരെയാണ് ഉപരോധമെന്ന് ഓസ്ട്രേലിയൻ വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&